# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 704 11.12.2012- ൽ മറുപടിക്ക്

### കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ല്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ല് വിവിധ സ്ഥാപനങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കുമായി കൊടുത്ത് തീർക്കുവാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ല് വിവിധ സ്ഥാപനങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കുമായി 3076.98 ലക്ഷം രൂപ കൊടുത്തുതീർക്കുവാനുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ സ്ഥാപിത ശേഷിക്ക് അനുസരിച്ചുള്ള ഉല്പാദനവും, അനുബന്ധ പ്രവർത്തനങ്ങളും നടക്കുന്നുണ്ടോ; വിശദാംശം വെളിവാക്കുമോ; | (ബി) | മില്ലിന്റെ സ്ഥാപിതശേഷിക്ക് അനുസരിച്ചുള്ള ഉല്പാദനവും അനുബന്ധ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഹാജർ നിലയിലുള്ള കുറവും വൈദ്യുതി നിയന്ത്രണവും, വൈദ്യുതി ചാർജ്ജിലെ വർദ്ധനവ് മറ്റ് പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ച് മികച്ച രീതിയിലുള്ള ഉല്പാദനവും അനുബന്ധ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സ്ഥാപനം നവീകരിക്കുന്നതിലേക്കായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) & (ഡി) | ഈ സ്ഥാപനം നവീകരിക്കുന്നതിലേയ്ക്കായി എൻ.സി.ഡി.സി. യുടെ 3091.44 ലക്ഷം രൂപയുടെ നവീകരണ പദ്ധതി പരിഗണിച്ച് ഇതിലേക്കായി 410.97 ലക്ഷം രൂപ 2012-13 ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് റിപ്പോർട്ട് കാലാനുസൃതമായി മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ 57.39 കോടി രൂപയുടെ Revised Project Report സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഈ സ്ഥാപനം ഉൾപ്പെടുന്ന ടെക്സ്റ്റയിൽ മേഖലയുടെ നവീകരണത്തിനായി 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 60 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | സ്പിന്നിംഗ് മില്ലുകൾ നവീകരിച്ച് ഉല്പാദനവർദ്ധനവും മികവും ഉണ്ടാക്കുന്നതിലേക്കായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | | |

Reena

**സെക്ഷൻ ഓഫീസർ**